**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം.**

വിഷയം:- ആരോഗ്യവകുപ്പ്-ജീവനക്കാര്യം-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2025 - ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ (പി ) നം. 03/ 2017/ ഉ. ഭ .പ .വ തീയതി 25.02.2017.
2. സ.ഉ (സാധാ) നം. 729/2025/H&FWD തീയതി 11.03.2025.
3. സർക്കുലർ നം. ഇ.എച്ച്1- 28887/2024/ആ.വ.ഡ തീയതി 14.03.2025.
4. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ.
5. ഉത്തരവ് നം. ഇ.ബി1-9513/2025/ആ.വ.ഡ തീയതി 28.04.2025.
6.ഉത്തരവ് നം. ഇ.എച്ച്1-28887/2024/ആ.വ.ഡ തീയതി 26.04.2025.

7.ഉത്തരവ് നം. ഇ.ബി1-9513/2025/ആ.വ.ഡ തീയതി 25.05.2025.
8. ഡോ. അനു ഫിലിപ്പ്, ജൂനിയർ കൺസൾട്ടന്റ് മേലധികാരികൾ മുഖേന സമർപ്പിച്ച 27.05.2025 തീയതിയിലെ ഹർജി.
9. Interim Order dated 30.05.2025 in OA(EKM) No. 750/2025 of Hon'ble Kerala Administrative Tribunal

**ഉത്തരവ് നം. ഇ.ബി1-9513/2025/ആ.വ.ഡ തീയതി : 02-06-2025**

ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 2025 ലെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായുള്ള കരട് പട്ടിക പരാമർശം (5) പ്രകാരവും അന്തിമ പട്ടിക പരാമർശം (7) പ്രകാരവും പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ ഉൾപ്പെടാതെ പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ പട്ടികയിൽ ഉൾപ്പെട്ട കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക് ആശുപത്രിയിലെ ഡോ. അനു ഫിലിപ്പിന് സ്ഥലംമാറ്റത്തിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ ഹർജി സമർപ്പിക്കുന്നതിന് അവസരം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. അനു ഫിലിപ്പ് പരാമർശം (8) പ്രകാരം സമർപ്പിച്ച ഹർജിയിൽ ടിയാളെ നിലവിലെ സ്ഥാപനത്തിൽ നിലനിർത്തുകയോ ടിയാൾ ആവശ്യപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റം നല്കുകയോ ചെയ്യണമെന്നാണ് പരാമർശിച്ചിരുന്നത്. എന്നാൽ കരുവേലിപ്പടി ഗവ. മഹാരാജാസ് താലൂക്ക്

ആശുപത്രിയിലേയ്ക്ക് കൂടുതൽ അർഹയായ മെഡിക്കൽ ആഫീസറെ പരിഗണിക്കേണ്ടതിനാലും പൊതു സ്ഥലംമാറ്റ മാനദണ്ഡ പ്രകാരവും ഈ ആവശ്യം അംഗീകരിക്കുവാൻ കഴിയില്ല. അത് നിരസിച്ചിരിക്കുന്നു. അതിനാൽ പരാമർശം (7) പ്രകാരം പുറപ്പെടുവിച്ച ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 2025 ലെ പൊതു സ്ഥലംമാറ്റ പട്ടിക അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശം (9) പ്രകാരമുള്ള ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ പരാമർശം (7) പ്രകാരം പുറപ്പെടുവിച്ച സ്ഥലംമാറ്റപ്പട്ടികയിലെ ക്രമ നം.2,5,6,11 എന്നിവർ ഒഴികെയുള്ള ജീവനക്കാരെ സ്ഥാപന മേധാവികളും/ജില്ലാ മെഡിക്കൽ ആഫീസർമാരും പകരക്കാർ ജോലിയിൽ പ്രവേശിക്കുന്നത് കാത്ത് നിൽക്കാതെ, പ്രസിദ്ധീകരണ തീയതി മുതൽ 7 ദിവസത്തിനകം വിടുതൽ ചെയ്യേണ്ടതും വിടുതൽ/ പ്രവേശന വിവരങ്ങൾ യഥാ സമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഈ കാര്യാലയത്തിൽ നിന്നും തുടർ ഉത്തരവ് നല്കിയതിനു ശേഷം മാത്രം ക്രമ നം.2,5,6,11 ആയി ഉൾപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതാണ്.

3. ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 02-06-2025 11:01:37

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ.

പകർപ്പ് : 1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും .
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് .
3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
5. ഫയൽ/ കരുതൽ ഫയൽ.